➩ സമൂഹം ആ വക പ്രവർത്തനങ്ങളെ സ്നേഹാദരങ്ങളോടെ നെഞ്ചേറ്റുന്നുമുണ്ട് ➩

**രണ്ട്** പതിറ്റാണ്ടോളമായി തരിശിട്ട് കളകളും മുൾച്ചെടികളും പടർന്ന് പാഴാവുന്ന കൃഷിനിലങ്ങളിലേക്ക് പുതിയ ഉണർവ്വും ഉത്സാഹവും അവബോധവുമായി ചെറുപ്പക്കാരും വിദ്യാർത്ഥികളും ഉൾപ്പെടെ ഇറങ്ങിവരികയും, അവർ കൂട്ടംചേർന്ന് മണ്ണൊരുക്കി, വിത്തെറിഞ്ഞ്, പറിച്ചുനട്ട്, വിഷമുക്തമായി പരിപാലിച്ച് വിളവെടുപ്പ് ഒരുത്സവമാക്കുകയും ചെയ്യുന്നതിന്റെ പ്രാദേശിക വാർത്തകളും ചിത്രങ്ങളും മാധ്യമങ്ങളിൽ കാണുമ്പോൾ മനസ്സിൽ സന്തോഷങ്ങളുടെ വേലിയേറ്റമാണ്. ഇനിയൊന്നും ആശിക്കാനില്ലെന്നു തോന്നിപ്പിക്കുന്ന നിരാശയുടെ ചുട്ടുനീറ്റലിനടിയിൽ നിന്നും മുളപൊട്ടുന്ന പുതിയ പ്രതീക്ഷകളാണവ. ഉപഭോഗനാഗരികതയുടെ മതിഭ്രമങ്ങളിൽപ്പെട്ട് മണ്ണും വിത്തും മറന്ന് വേരറ്റുപോകുന്ന ഒരു ജനസമൂഹം. അത് അങ്ങാടികളെ അന്ധമായി ഭുജിച്ച്, വിഷം തീണ്ടി, പെരുകുന്ന സൂപ്പർ സ്പെഷ്യാലിറ്റികളുടെ ഇരകളുടെ മാത്രമായി ഒടുങ്ങുന്ന ദുരന്തത്തിനു സാക്ഷിയാവേണ്ടിവരുന്നതിൽ കരളു കടയുന്ന ഒരുപറ്റം

# ആത്മവഞ്ചന വിയർക്കുന്ന ‘ശാസ്ത്രബുദ്ധികൾ’

സത്യം തിരിച്ചറിയുന്ന ചില മനുഷ്യരുടെ അതിജീവനത്തിനായുള്ള പിടച്ചിലാണിത്. ആ പിടച്ചിൽ തീർത്തും യുക്തസഹമാകണമെന്നില്ല.

**സി. രാജഗോപാലൻ**

മനുഷ്യസ്നേഹികളുടെ തീവ്രമായ പരിശ്രമങ്ങളും പ്രചരണങ്ങളും വെല്ലുവിളികളെ അതിജീവിക്കുന്ന പ്രയോഗ മാതൃകകളുമാണ് വർത്തമാന കേരളത്തിന്റെ കാർഷിക-ആരോഗ്യമേഖലയിൽ പുത്തനുണർവ്വ് സാധ്യമാക്കുന്നത്. ഈ സത്യത്തിന് ഒരു ശാസ്ത്രജ്ഞന്റെയും സർട്ടിഫിക്കറ്റ് ആവശ്യമില്ല.

ആ മനുഷ്യസ്നേഹികൾ പരിസ്ഥിതി പ്രവർത്തകാരായും ജൈവകൃഷി പ്രചാരകരായും ആരോഗ്യവിദ്യാഭ്യാസ പ്രവർത്തരായും മറ്റുമാണ് കേരളീയ സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നത്. വിഷം തിന്നും കുടിച്ചും അതിജീവനത്തിനായി പിടയുന്ന സമൂഹം ആ വക പ്രവർത്തനങ്ങളെ സ്നേഹാദരങ്ങളോടെ നെഞ്ചേറ്റുന്നുമുണ്ട്. ആ നന്മകൾ അവഗണിക്കാനാവാതെ, സംസ്ഥാന സർക്കാർ തന്നെ 2016 വർഷത്തോടെ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റാൻ ആലോചിക്കുകയാണ്. എന്നാൽ ഇതൊന്നും ഒട്ടുമേ ദഹിയ്ക്കാത്ത ചില ‘ശാസ്ത്രബുദ്ധികൾ’ ഇവിടെയുണ്ട് എന്നാണ് ‘ക്ഷീരമുള്ളോരകിട്ടിലും....’എന്ന പഴംചൊല്ലിനെ ഓർമ്മപ്പെടുത്തുന്ന അവരുടെ വാദഗതികളിൽ നിന്നും മനസ്സിലാക്കുന്നത്.

‘നമുക്കുവേണ്ടത് ഉത്തമകൃഷി’ എന്ന ശീർഷകത്തിൽ രണ്ടുലക്കങ്ങളിലായി ‘ശാസ്ത്രഗതി’ മാസികയിൽ വന്ന ദീർഘസംഭാഷണം അത്തരത്തിലുള്ള ഒന്നാണ്. ‘കാർഷിക കേരളത്തിലേക്ക് യുക്തിയുടെ വിത്തെ



റിയുകയാണ് ലേഖകൻ' എന്ന് പത്രാധിപർ!. 'ഭക്ഷണത്തിന്റെ ലഭ്യതയും ഭക്ഷ്യസുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന, അതേസമയം പരിസ്ഥിതിയെ ഹനിക്കാത്ത കൃഷിരീതിയാണ് നമുക്കാവശ്യം. അതിലേക്കെത്തിച്ചേരാൻ കർഷകരെ പ്രാപ്തരാക്കുന്ന ജൈവകൃഷി, പ്രശ്നപരിഹാരത്തിന് ഉതകുകയില്ലെന്നും സമർത്ഥിക്കുകയാണ് 'ലേഖകൻ' എന്നും പത്രാധിപർ കൂട്ടിച്ചേർക്കുന്നു. ലേഖനം മുഴുവൻ വായിച്ചു കഴിയുമ്പോൾ, വെറും വാചക കസർത്തിനപ്പുറം അതിൽ ഒന്നും കണ്ടെത്താനാവുന്നില്ല. കേട്ടുപഴകിയ ഹരിത വിപ്ലവസ്തുതികളും, പുതുതായി ഒരു ഉത്തമകൃഷിമാലയും, പിന്നെ പതിവുപോലെ 'ഞങ്ങളൊഴിച്ചുണ്ടോ കൃഷി ത്രിഭുവനത്തിങ്കൽ' എന്ന് വഴി തടയാനുദ്യമിക്കുന്ന ഗർവ്വും ചേറ്റിക്കളഞ്ഞാൽപ്പിന്നെ ഒരു മണി നെല്ലുപോലും ആ വിമർശനപ്പത്തായത്തിൽ ബാക്കിയാവുന്നില്ല.

ഇനിയും ഇത്തരം വാചകമടിയിലൊന്നും ഒരു കുട്ടിയും വീഴില്ല. അതിന്റെ കാലം കഴിഞ്ഞു. 'ഗതി'കെട്ടുപോകുന്ന ഒരു നാടാണിത്. മുന്നോട്ടുള്ള വഴികളൊന്നൊന്നായി അടയുന്ന കാലം. എല്ലാ വഴികളും പ്ലാസ്റ്റിക് കൂടുകളും പിടിച്ച് മനുഷ്യനെ നടത്തുന്നത് 'പ്ലാസ്റ്റിക് അരി' വില്ക്കുന്ന സൂപ്പർ ബസാറുകളിലേക്കാണ്. അവിടെ നിന്നും നേരെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്കും. അതല്ലാതെ ആരോഗ്യകരമായ ജീവിതത്തിലേക്ക് വേറിട്ടൊരു വഴിയുണ്ടെന്ന് ജനത്തെ വിശ്വസിപ്പിക്കണമെന്നാഗ്രഹിക്കുന്നവർ അത് ചെയ്തു കാണിക്കുകയല്ലേ വേണ്ടത്! അങ്ങനെ ചെയ്തുകാണിക്കുന്നവരെ ജനം അംഗീകരിക്കുന്നതിൽ, സർക്കാർപോലും അതിലെ ശരികളെ തിരിച്ചറിഞ്ഞ് നയം രൂപീകരിക്കുന്നെങ്കിൽ, അതിലെന്താണു തെറ്റ്!

പിന്നെ, ലേഖനത്തിൽ മാഷ് പറയുന്നതുപോലെ, ഇത് പ്രണയമോ സല്ലാപമോ ഒന്നുമല്ല. സത്യം തിരിച്ചറിയുന്ന ചില മനുഷ്യരുടെ അതിജീവനത്തിനായുള്ള പിടച്ചിലാണ്. ആ പിടച്ചിൽ തീർത്തും യുക്തിസഹമായികൊള്ളണമെന്നില്ല. 'ശാസ്ത്രീയകൃഷി'യെന്ന പേരിൽ രാസവളകീടനാശിനിക്കമ്പനികളുടെ വാണിജ്യതാൽപ്പര്യങ്ങൾ നടപ്പിലാക്കിയ കച്ചവടകൃഷി, അമ്മമാരുടെ അമ്മിഞ്ഞപ്പാലിൽവരെ കീടനാശിനി എത്തിച്ചിരിക്കുന്നു. ഇനിയും ഉത്തമകൃഷിക്കും ശാസ്ത്രീയകൃഷിക്കുമായി കാത്തിരിക്കണോ അവർ? വിഷമില്ലാത്ത ഒരു പിടി നെല്ലരിയുണ്ടാക്കി മക്കൾക്ക് കഞ്ഞിവെച്ചുകൊടുക്കാനുള്ള മാതൃപിതൃബോധത്തിന്റെ നിവൃത്തികേടിൽ നിന്നുമാണ് ഇപ്പോൾ കേരളത്തിലുണ്ടായിട്ടുള്ള 'ജൈവകൃഷി'യുടെ പുത്തനുണർവ്വ്.

അത് തല്ലിക്കെടുത്താനുള്ള ഒരു ശ്രമത്തോടും വരും തലമുറ പൊറുക്കില്ല. പൊതുഖജനാവിന്റെ ചെലവിൽ ശാസ്ത്രീയ കൃഷി പഠിപ്പിക്കലും പ്രചരണവും ഒരു ജീവിതോപാധിയാക്കിയവർ ഉത്തമകൃഷി ഇനിയും വരാനിരിക്കുന്നതേയുള്ളുവെന്ന് പറയുമ്പോൾ ഇതുവരെ നടന്നതൊക്കെ അധമകൃഷിയായിരുന്നു എന്ന് സ്വയം സമ്മതിക്കുകയല്ലേ! സർക്കാർ ചെലവിൽ വളരെ വിപുലമായ ഗവേഷണ-പ്രചരണ-ഉദ്യോഗസ്ഥ സംവിധാനങ്ങൾ, സർവ്വകലാശാല-കോളേജുകൾ, പ്രയോഗപദ്ധതികൾ ഒക്കെയുണ്ടായിട്ടും ഇതുവരെ കൃഷി ശാസ്ത്രീയമോ ഉത്തമമോ ആയില്ലെങ്കിൽ ആരുടെ കുറ്റമാണത്? മറ്റാരെയും പഴിക്കും മുമ്പ് സ്വയം കണ്ണാടിയിൽ നോക്കുകയല്ലേ വേണ്ടത്! കൃഷി ശാസ്ത്രീയവും ഉത്തമവും ആവുകയല്ല, മറിച്ച് കൃഷിതന്നെ ഇല്ലാതാവുകയാണ് കേരളത്തിൽ എന്ന് പാടത്തേക്കു നോക്കാൻ കാഴ്ചയുള്ള സാമാന്യബുദ്ധികൾക്കൊക്കെ മനസ്സിലാകും. കൃഷി മെച്ചപ്പെടുത്താനും ശാസ്ത്രീയമാക്കാനുമുള്ള ഉദ്യോഗസ്ഥ-ഗവേഷണ

സംവിധാനങ്ങൾ അത്ഭുതകരമായി വികസിപ്പിച്ച അതേ കാലയളവിൽത്തന്നെയാണ് കേരളത്തിലെ കൃഷി നാലിലൊന്നായിച്ചുരുങ്ങിയതും ചെയ്യുന്ന കൃഷി വിഷമയമായി മാറിയതും.

ഭള്ളുപറയാതെ കൃഷി പണ്ഡിതന്മാർ ചെയ്യേണ്ടത്, വളരെ ചെറുതെങ്കിലും, ഇതാ ഞങ്ങൾ ചെയ്തുകാണിക്കുന്ന ഒരു ഉത്തമകൃഷി മാതൃക, കേരളീയരെ നിങ്ങൾ ഈ പാത പിന്തുടരൂ എന്ന് വഴികാട്ടുകയാണ്. അതല്ലാതെ, തരിശുകിടക്കുന്ന നെല്പാടങ്ങളിൽ വിഷമുക്തമായ ഒരുപിടി കതിരു വിളയിക്കാൻ പാടുപെടുന്നവരെ നോക്കി 'ജൈവ തീവ്രവാദികൾ' (പച്ചക്കുതിര) എന്നൊക്കെ അപഹസിക്കുകയാണ് ചെയ്യുന്നതെങ്കിൽ അത് ചില്ലുമേടയിലിരിക്കുന്ന ശാസ്ത്രബുദ്ധികളുടെ ആത്മവഞ്ചന വിയർക്കുന്നതിന്റെ ദുഃസ്സഹമായ നാറ്റമായിട്ടു മാത്രമേ ജനം തിരിച്ചറിയൂ.■

## കെവിൻ കാർട്ടറുടെ ആ കഴുകൻ!



**സുഡാനിൽ** ഉണ്ടായപോലുള്ള ഭക്ഷ്യക്ഷാമമായിരിക്കും ജൈവകൃഷിയുടെ ഫലം എന്നു ധ്വനിപ്പിക്കും വിധം കെവിൻ കാർട്ടറുടെ ചിത്രം സഹിതം 'പച്ചക്കുതിര'യിൽ വന്ന ലേഖനം, വായിക്കുന്നവർക്ക് തോന്നുക, ലേഖകൻ ജൈവ കൃഷിയെ പ്രതിഷ്ഠിക്കുന്നത് ആ കഴുകന്റെ സ്ഥാനത്താണെന്നാണ്. ലോകത്ത് പട്ടിണി മരണം അവസാനിച്ചിട്ടില്ല. ഫോട്ടോ എടുക്കാൻ കെവിൻ കാർട്ടർ മാരില്ലാത്തതുകൊണ്ട് മരിക്കുന്ന കുട്ടികളുടെയും ശവം കാത്ത് അരികിലിരിക്കുന്ന കഴുകന്റെയും ചിത്രം ലോകത്തിന്റെ കണ്ണിൽ തറയ്ക്കുന്നില്ലെന്നു മാത്രം. "പിന്നിടുന്ന ഓരോ 24 മണിക്കൂറിലും ലോകത്ത് 45,000-ത്തിലേറെ ജനങ്ങൾ പട്ടിണിയാൽ മരിക്കുന്നു. അവരിൽ 38,000 പേർ കുട്ടികളാണ്. മനുഷ്യന്റെ പ്രവൃത്തികൾ മൂലം 130ലധികം സസ്യജന്തുവർഗ്ഗങ്ങൾ നാമാവശേഷമാകുന്നു. 13 ദശലക്ഷം ടണ്ണിലേറെ രാസവിഷങ്ങൾ ജീവൽ പരിസ്ഥിതിയിലേക്ക് തള്ളപ്പെടുന്നു. 2 ലക്ഷത്തിലധികം ഏക്കർ മഴക്കാടുകൾ വെളുപ്പിക്കപ്പെടുന്നു. വികസിക്കുന്ന ലോകത്ത് ഓരോ 24 മണിക്കൂറിലും ഇതൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു. (The Last Hosue of Ancient Sunlight - The fate of the world and what we can do before it is late - THOM HARTMANN- Three Rivers Press - Newyork).

ലോകത്തെ സകല മനുഷ്യരെയും തീറ്റിപ്പോറ്റാൻ വേണ്ട ഭക്ഷ്യവസ്തുക്കളുടെ ആറിരട്ടിയെങ്കിലും ലോകത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുമ്പോൾത്തന്നെയാണ് പ്രതിദിനം 38000 കുഞ്ഞുങ്ങളെ പട്ടിണിക്കിട്ടുകൊല്ലുന്നതും. ഈ വൈരുദ്ധ്യത്തിന്റെ കാരണമന്വേഷിച്ചു ചെല്ലുമ്പോഴാണ് 'ജൈവതീവ്രവാദികൾ' എന്ന ശീർഷകത്തോടൊപ്പം ചേർത്തുവെച്ച ('പച്ചക്കുതിര' മാസികയിലെ) കെവിൻ കാർട്ടറുടെ കഴുകൻ പാവം ജൈവകർഷകനല്ല, മറിച്ച് ആഗോള കച്ചവട നാഗരികതയാണ് എന്ന് നമുക്കു മനസ്സിലാവുക. വേണ്ടതിലേറെ ഉല്പാദിപ്പിച്ചിട്ടും, പട്ടിണികിടന്നുമരിക്കുന്നവർക്ക് നൽകാതെ, കമ്പോള നിലവാരം പിടിച്ചുനിർത്താനായി ഭക്ഷ്യസാമഗ്രികൾ കടലിലാഴ്ത്തുന്ന ലാഭാർത്തിയുടെ നിഷ്ഠൂരതയാണത്. കാർഷിക സംസ്കാരം കച്ചവടവൽക്കരിക്കപ്പെട്ടതിന്റെ ദുരന്തഫലം! എന്നിട്ടും, ലോകത്തെ ഭക്ഷ്യസമൃദ്ധിയെയും കുഞ്ഞുങ്ങളുടെ പട്ടിണിമരണത്തെയും 'കൂട്ടിവായിക്കാ'നറിയാത്ത 'ശാസ്ത്രബുദ്ധികൾ', കെവിൻകാർട്ടറുടെ കഴുകനെ ചൂണ്ടിക്കാട്ടി, ജൈവകൃഷിയെ പഴിക്കുകയാണ്. കമ്പോള നാഗരികതയും കാർഷിക സംസ്കൃതിയും ഒരിക്കലും ചേർന്നു പോവില്ല. ബുദ്ധിജീവി-ശാസ്ത്രജ്ഞൻ-ഭരണാധികാരി സമൂഹത്തിന്റെ ചെലവിൽ ജീവിക്കുന്ന ഉദ്യോഗസ്ഥൻ ഏതുപക്ഷത്തുനിലകൊള്ളുന്നു? ഇത് അടിസ്ഥാനപരമായും ഒരു രാഷ്ട്രീയ ചോദ്യമാണ്. ഈ ചോദ്യത്തിന് നൽകാവുന്ന ഉത്തരം തന്നെയാണ് ജൈവകൃഷിയെ എന്തു കാരണത്തിന്റെ പേരിലായാലും പ്രതികൂട്ടിൽ നിർത്തുന്നവർക്കുള്ള മറുപടിയും. – ***സി.ആർ***